**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3694** **27-06-2024 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങളും അപകട മരണങ്ങളും കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തിച്ചു തുടങ്ങിയതോടെ വാഹന അപകട മരണങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | വാഹന അപകട മരണങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം എഐ ക്യാമറകൾ സ്ഥാപിക്കുന്നതിനു മുൻപുള്ള 8 ഒരു വർഷത്തെ റോഡപകടങ്ങളുടെ കണക്കുകൾ പ്രകാരം 01.06.2022 മുതൽ 31.05.2023 വരെ 46130 റോഡപകടങ്ങളിലായി 4283 അപകട മരണങ്ങൾ നടന്നിട്ടുണ്ട്. എ.ഐ ക്യാമറകൾ സ്ഥാപിച്ച ശേഷമുള്ള ഒരു വർഷത്തെ കണക്കുകൾ പ്രകാരം 01.06.2023 മുത ൽ 31.05.2024 വരെ 49109 റോഡപകടങ്ങളിലായി മരണപ്പെട്ടവരുടെ എണ്ണം 3897 ആയി കുറഞ്ഞുവന്നിട്ടുണ്ട്. മേൽ കണക്കുകൾ പ്രകാരം എ.ഐ ക്യാമറകൾ സ്ഥാപിച്ച ശേഷം അപകടങ്ങൾ കൂടുതലായി കണ്ടെത്താനും മരണ നിരക്ക് ഗണ്യമായി കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ